**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1064** **06-02-2023 - ൽ മറുപടിയ്ക്ക്**

**ടെയ്ക്ക് എ ബ്രെയ്ക്ക് പദ്ധതിക്ക് ഇറിഗേഷന്റെ ഉടമസ്ഥതയിലുള്ള സ്ഥലം അനുവദിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെടുത്തി ജില്ലാ കലക്ടറുടെ അനുമതിയുടെ അടിസ്ഥാനത്തിൽ മൊകേരി ഗ്രാമപഞ്ചായത്തിൽ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ടെയ്ക്ക് എ ബ്രെയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് പ്രോജക്റ്റ് വെക്കുകയും ഡി.പി.സിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തെങ്കിലും സ്ഥലം അനുവദിക്കുന്ന കാര്യത്തിൽ ഇതുവരെ തീരുമാനമാവാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . |
| (ബി) | സമീപ പഞ്ചായത്തുകളിൽ ഇറിഗേഷന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ടെയ്ക്ക് എ ബ്രെയ്ക്ക് പദ്ധതിക്ക് ഇത്തരം സ്ഥലം അനുവദിച്ചിട്ടുണ്ടെങ്കിലും മൊകേരി ഗ്രാമപഞ്ചായത്തിൽ അനുവദിക്കാത്ത കാര്യം സർക്കാർ പരിശോധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ; | (ബി) | "ടേക്ക് എ ബ്രേയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിന് മൊകേരി പഞ്ചായത്തിന് ജലസേചന വകുപ്പിന്റെ സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് വിഷയത്തിന് മേൽ ചീഫ് എഞ്ചിനീയറോട് വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. ചീഫ് എഞ്ചിനീയറിൽ നിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ് . |
| (സി) | സർക്കാരിന്റെ പ്രഖ്യാപിത പദ്ധതികളിൽ ഒന്നായ ടെയ്ക്ക് എ ബ്രെയ്ക്ക് പദ്ധതിക്ക് ഇറിഗേഷന്റെ ഉടമസ്ഥതയിലുള്ള സ്ഥലം അനുവദിക്കുന്നതിന് തടസ്സങ്ങളുണ്ടോ; വിശദമാക്കുമോ? | (സി) | "ടേക്ക് എ ബ്രേയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിന് മൊകേരി പഞ്ചായത്തിന് ജലസേചന വകുപ്പിന്റെ സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് വിഷയത്തിന് മേൽ ചീഫ് എഞ്ചിനീയറോട് വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. ചീഫ് എഞ്ചിനീയറിൽ നിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ് . |

സെക്ഷൻ ഓഫീസർ